21

നം.എൽ.ആർ.എ3-31691-/08.

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 8.9.2008.

22571

OFFICE OF THE INSPECTOR GENERAL OF REGISTRATION
18 SEP 2008

അഡീഷണൽ കമ്മീഷണർ.

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ,
തിരുവനന്തപുരം.

സർ,

വിഷയം:- കേരള മുദ്രപ്പത്ര നിയമം 54(2) പ്രകാരം തൃശ്ശൂർ സബ് രജിസ്ട്രാർ ഓഫീസിലെ പി5/08 നമ്പർ ബന്തവസ്സാധാരം മുദ്രസല നിർണ്ണയം നടത്തുന്നത്-സംബന്ധിച്ച്.

സൂചന:- താങ്കളുടെ 4.7.08-ലെ RR4-15011/08 നമ്പർ കത്ത്.

സൂചന പ്രകാരം മുദ്രസല നിർണ്ണയം നടത്തുന്നതിനായി അയച്ചുതന്ന തൃശ്ശൂർ സബ് രജിസ്ട്രാർ ഓഫീസിലെ പി5/08 നമ്പർ ബന്തവസ്സാധാരത്തിന്മേലുള്ള തീരുമാനം ചുവടെ ചേർക്കുന്നു.

തൃശ്ശൂർ സബ് രജിസ്ട്രാർ ഓഫീസിലെ പി5/08 നമ്പർ ബന്തവസ്സാധാരം മാതാപിതാക്കളുടെ മരണശേഷം പിന്തുടർച്ചാവകാശികളും, കൂട്ടവകാശികളായ നാലു് മക്കളും, മരിച്ചുപോയ ഒരു മകളുടെ പിന്തുടർച്ചാവകാശികളായ ഭർത്താവും, മകനും കൂടി 1 മുതൽ 6 വരെ നമ്പർ കക്ഷികൾ ചേർന്നു് ഭാഗം ചെയ്യുന്ന ഭാഗപത്രാധാരമായി കണക്കാക്കാൻ സാധിയ്ക്കുമോ എന്ന കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയുന്നില്ലെന്നു് തൃശ്ശൂർ ജില്ലാ രജിസ്ട്രാർ ജനറലും, ടി ആധാരപ്രകാരം ഭാഗിയ്ക്കുന്ന വസ്തുക്കൾ കൂട്ടവകാശപ്പെട്ടതിനാലും, അവ കൂട്ടവകാശം വേർപ്പെടുത്തി അഞ്ച് പട്ടികകളായി തിരിച്ചു പ്രത്യേകം പ്രത്യേകം കൈവശം വച്ചനുഭവിയ്ക്കുന്നതിനു് വ്യവസ്ഥ ചെയ്യുന്നതിനാലും, ടി കരണം കേരള മുദ്രപ്പത്ര നിയമം 2(കെ) വകുപ്പിന്റെ നിർവ്വചനത്തിൽ വരുന്ന ഭാഗപത്രമായി പരിഗണി യ്ക്കാവുന്നതും, ആധാര കക്ഷികൾ കുടുംബത്തിന്റെ, നിർവ്വചനത്തിന്റെ പരിധിയിൽ വരുന്നതിനാൽ ടി നിയമം പട്ടിക

ആർട്ടിക്കിൾ 42(1)പ്രകാരം 700000/-രൂപ വിഭാഗിയസലയ്ക്കു് 5% നിരക്കിൽ 35000/-രൂപ മുദ്രചുമത്തിയതിൽ അപാകതയില്ലെന്നും. എന്നാൽ നിർമ്മിയ്ക്കാൻ പോകുന്ന ആപ്പാർട്ട്മെന്റ് സംബന്ധിച്ച വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഒരു സലയില്ലാത്ത കരാർ കൂടി അടങ്ങിയിട്ടുള്ളതായി പരിഗണിച്ചു് അതിലേയ്ക്കു മുദ്രപ്പത്ര നിയമം പട്ടിക ആർട്ടിക്കിൾ 5 പ്രകാരം 50 രൂപ മുദ്രയും. 100/-രൂപ രജിസ്ട്രേഷൻ ഫീസും ചമത്തേണ്ടതുണ്ടെന്നു് താങ്കൾ അഭിപ്രായപ്പെട്ടിരിയ്ക്കുന്നു.

ബന്തവസ്സുധാരം പരിശോധിച്ചതിൽ ഒരു കുടുംബത്തിലെ അംഗങ്ങൾ കൂട്ടവകാശപ്പെട്ട വസ്തുക്കൾ വെവ്വേറെ ഭാഗിയ്ക്കുന്നതിനും പ്രത്യേകം കൈവശം വയ്ക്കുന്നതിനു് വ്യവസ്ഥ ചെയ്തിട്ടുള്ളതായും കാണുന്നതിനാലും. വ്യവസ്ഥകൾക്കു് വിധേയമായി അപ്പാർട്ട്മെന്റ് നിർമ്മിയ്ക്കാൻ പോകുന്നതായും രേഖപ്പെടുത്തിയിട്ടുള്ളതിനാലും. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ അഭിപ്രായത്തോട് യോജിയ്ക്കുന്നുവെന്ന തീരുമാനം അറിയിയ്ക്കുന്നു.

വിശ്വസ്തതയോടെ.

അഡീഷണർ കമ്മീഷണർക്കുവേണ്ടി.